**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 254** **10-06-2024 - ൽ മറുപടിയ്ക്ക്**

**പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജിൽ നഴ്സിംഗ് കോളേജ് നിർമ്മിക്കുന്നതിനും ഹോസ്റ്റൽ നിർമ്മിക്കുന്നതിനുമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | **കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന്റെ തുടർ വികസനങ്ങൾക്കായി 20 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. പ്രസ്തുത ഭൂമി ഏറ്റെടുത്തതിനു ശേഷം കൊല്ലം സർക്കാർ നഴ്സിംഗ് കോളേജിനാവശ്യമായ ഭൂമി പ്രത്യേകമായി തരം തിരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് ..** |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിലെ ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മാണത്തിന്റെയും ഐ.ഡി. ബ്ലോക്ക് നിർമ്മാണത്തിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന് അനുവദിച്ചിട്ടുള്ള ക്രിട്ടിക്കൽ കെയർ ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണം 07/12/2023-ൽ ആരംഭിക്കുകയും ഗ്രൗണ്ട് ഫ്ലോർ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. നിലവിൽ സെക്കന്റ് ഫ്ലോറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br><br>ഐ.ഡി. ബ്ലോക്കിന്റെ നിർമ്മാണത്തിനായി 2020-21 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയും പ്രസ്തുത ബ്ലോക്കിന്റെ നിർമ്മാണത്തിനായി പി.ഡബ്ല്യൂ.ഡി പ്ലാൻ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ